പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.119

04.12.2014 ൽ
മറുപടിക്ക്

## നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മണൽ

ചോദ്യം

ശ്രീ.കെ.എം.ഷാജി :
ശ്രീ.എം. ഉമ്മർ :
ശ്രീ.കെ.എൻ.എ.ഖാദർ :
ശ്രീ.പി.ബി.അബ്ദുൾ റസാക് :

ഉത്തരം

ശ്രീ . അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രതിവർഷം ആവശ്യമായി വരുന്ന മണലിന്റെ അളവു സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ, അതു സംബന്ധിച്ച വിശദവിവരം നൽകാമോ ; | (എ) | വിവരശേഖരണം നടത്തിയിട്ടില്ല. |
| (ബി)<br><br><br><br><br><br>(സി) | പരിസ്ഥിതിക്ക ദോഷം വരാത്തവിധം മണലിന്റെ ലഭ്യത ഉറപ്പാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപിത ശ്രമം ഉണ്ടായിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;<br><br>അശാസ്ത്രീയമായ അനധികൃത മണൽഖനനം തടയാൻ ഏതൊക്കെ ഏജൻസികളെയാണ ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന വ്യക്തമാക്കുമോ ? | (ബി)<br>&<br>(സി) | ഉണ്ട്. 2002 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ 30(1) ചട്ടം പ്രകാരം ഓരോ മൂന്ന് വർഷം കൂടുമ്പോഴും നദികളുടെ ജൈവ ഭൗതിക പരിസ്ഥിതി വ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് നിശ്ചയിക്കുന്നതിന് സാന്റ് ആഡിറ്റ് നടത്താറുണ്ട്. സംസ്ഥാനത്തെ 20 നദികളിലെ നദീതീര മാപ്പിംഗും സാന്റ് ആഡിറ്റിംഗും സർക്കാർ സെസ്സിന്റെ മേൽനോട്ടത്തിൽ റിവർ മാനേജ്മെന്റ് സെൽ മുഖേന നടത്തിവരുന്നു. ആയത് അന്തിമഘട്ടത്തിലാണ്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനും വിപണനം ചെയ്യുന്നതിനുമായി കേരള മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, |

| | | | | |
|---|---|---|---|---|
| | | | | കേരള ഹൗസിംഗ് ബോർഡ്, കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ നോഡൽ ഏജൻസികളായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. അതിനും പുറമേ ഡാമുകളിൽ നിന്നും മണൽ വാരി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. മണൽ ഖനനവും വിതരണവും റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ ഏകോപിച്ചാണ് നടപടി സ്വീകരിക്കുന്നത്.<br>അശാസ്ത്രീയമായ അനധികൃത മണൽഖനനം തടയാൻ റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി എന്നീ വകുപ്പുകൾ സംയുക്തമായും അല്ലാതെയും സ്ക്വാഡ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2013 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) നിയമം വകുപ്പ് 26 പ്രകാരം നിർദ്ദേശിക്കുന്ന പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണം സംബന്ധിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ മണലിന്റെ ലഭ്യത ഉറപ്പു വരുത്തുവാനും അശാസ്ത്രീയമായ അനധികൃത മണൽ ഖനനം തടയാനുമായി 21.02.2014 ൽ സ.ഉ.(എം.എസ്) 2/2014/പരി, 15-11-2014 ൽ സ.ഉ.(എം.എസ്) നമ്പർ.13/2014/പരി. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |

GOVERNMENT OF KERALA

**Abstract**

ENVIRONMENT DEPARTMENT—MINING AND QUARRYING OF MINOR MINERALS FOR CONSTRUCTION—INTEGRATION OF ENVIRONMENTAL SAFEGUARDS—ORDERS ISSUED

ENVIRONMENT (A) DEPARTMENT

G. O. (Ms.) No. 02/14/Envt. *Dated, Thiruvananthapuram, 21st February, 2014.*

*Read*:—1. Order dated 27-2-2012 of the Hon'ble Supreme Court of India in SLP No. 19628-19629/2009 (Deepak Kumar case).

2. Office Memorandum No. L-11011/47/2011-IA(M) dated 18-5-2012 of the MoEF, Government of India.

3. Office Memorandum No. L-11011/47/2011-IA(M) dated 24-6-2013 of the MoEF, Government of India.

4. Orders dated 5-8-2013 and 29-8-2013 of the Hon'ble National Green Tribunal in O/A. No. 171/2013 filed by the NGT Bar Association.

5. Order dated 26-9-2013 of the Hon'ble National Green Tribunal in M. A. No. 671/2013 in O/A No. 171/2013.

6. Order dated 17-1-2014 of the Hon'ble National Green Tribunal in M. A. No. 803/2013 in O/A No. 744/2013 filed by Sri Hassan, M.

ORDER

The categorical directions of the Hon'ble Supreme Court in the order read above and the pursuant decision conveyed in the Office Memorandum read as second paper above on prior Environmental Clearance for mining of minor minerals even in areas of less than five ha. resulted in complete stoppage of mining/quarrying of building materials in the state and construction activities including public works. Government of Kerala had as early as in 1967 framed

GCPT 3/1191/2014/DTP.

the Kerala Minor Mineral Concession Rules, which *interalia* ensure that operation of mines of minor minerals and the environmental fall outs are subjected to strict regulatory parameters. Consents of the Kerala State Pollution Control Board stipulate adequate measures to ensure that environmental conditions are duly incorporated and those are being complied with. In the context of the additional environmental conditions imposed, its adverse consequences in the construction sector and the resultant hardships to common man, Government have reviewed the situation and now issue the following orders for strict compliance by all concerned.

1. Rock quarrying

Quarrying permits (quantity based short term permit up to 1 year), under consolidated royalty payment system (area based mineral concession for granite and laterite building stone) and quarrying leases (long term concession for a period up to 12 years) are the mineral concession for quarrying operation issued under the Kerala Minor Mineral Concession Rules, 1967. As far as the State of Kerala is concerned. long term quarrying leases can be granted only for the mining of granite stones. More than 90% of the building stone quarries are less than 1 hectare in area and most of them are privately owned. These quarries are the main source of raw material for the developmental activities of the State. On the other hand, long term quarrying leases are not being issued for environmentally sensitive minerals like ordinary earth, ordinary sand and ordinary clay with a view to protect the ecology, because longer the period of mining, the greater the exploitation and consequent environmental degradation.

The system of permit being environmentally benign and carries the environmental safeguards as expounded in the recommendations of the MoEF extracted in para II of the order read as first paper above, and is statutorily approved and implemented since 1967, even as Environmental Clearance is being insisted for quarrying on long term lease, short time permits in small private holding have been sanctioned to be continued on the extent permit conditions up to 9-2-2015. Government order that while operating these quarries on permit, the permit holders shall be required to submit and undertaking that Environmental Clearance as may be required for such quarrying activities will be obtained from the State Environmental impact Assessment Authority.



I ses will be issued or renewed only after obtaining prior Environmental Clearance and the same policy will apply to permits given by Revenue as well as Mining and Geology Departments.

**2. River sand mining**

Effective provisions taking due care of environmental and ecological concerns of river sand mining have been incorporated in the Kerala Protection of River Banks and Regulation of Removal of Sand Act, 2001 to regulate removal of sand from the rivers. As per Section 9 of the said Act, the total quantity of sand that can be removed from a 'Kadavu' (meaning a river bank or water body where removal of sand is carried out) or river bank giving due regard to the guidance of expert agencies like the Centre for Earth Science Studies (Now NCESS) and Centre for Water Resources Development and Management (CWRDM), or other agencies as Government may determine.

Rule 8(b) of the Kerala Protection of River Banks and Regulation of Removal of Sand Rules, 2002 lays down that the District Expert Committee under the Act, shall determine the quantum of river sand that could be removed from each 'Kadavu' annually after the monsoon. The practicable way out for scientific and ecologically sustainable river sand mining in the small rivers of Kerala is sand auditing for each river. It has been decided earlier that making the sand audit for Manimala river as a model sand audit in respect of all other rivers may be done engaging other expert agencies as well, so that the audit could be completed expeditiously, with NCESS, Thiruvananthapuram as the Resource Department for the rivers of the 7 Southern Districts and the CWRDM, Kozhikode for the rivers of the 7 Northern Districts. There is no ban on river sand mining except in Ecologically Sensitive Areas, if it is done in accordance with the direction of the Courts and as per available sand audit reports. Such a procedure has been adopted in Kannur District which could be replicated.

Accordingly Government order that sand audit be conducted in all the remaining rivers and where current audit report are not available, engaging expert agencies in consultation with NCESS/CWRDM as the case may be to be done under their direct supervision. The NCESS/CWRDM shall provide the standard procedure for the work of the expert agencies to be engaged and scientific opinion and yardsticks and also other required data. The District Collectors may avail of the River Management Fund for the sand audit works. Those which have valid sand audit studies completed will collect and reach the applications for sand removal along with the sand audit report to the Member

Secretary, State Expert Appraisal Committee (Director of Environment and Climate Change, 'Devi Kripa', Pallimukku, Pettah P. O. Thiruvananthapuram-24) in Form I of the EIA Notification No. 1533 dated 14-9-2006 of the MoEF, Government of India available in the website of MoEF. The District which do not have updated reports will urgently arrange to get these studies updated for determination of feasibility of sand removal and conditions. In such cases the Director of Environment and Climate Change will allow sand mining provided the District Authorities who apply, undertake to complete the studies in six months. Government also order that the sand lying in dams and reservoirs will be desilted for use for which the District Collectors will urgently take action after obtaining approval of Forest Department wherever necessary.

**3. Ordinary Earth (Red earth)**

As per the Office Memorandum read as third paper above, activities of burrowing/excavation of 'brick earth' and 'ordinary earth' up to an areas less than 5 ha. has been categorized as 'B2' category subject to the guidelines therein for Environmental Clearance, which is obligatory. The Local Panchayat can grant permission for removal of ordinary earth up to 250 tonnes and on royalty payment of ₹ 5,000 for that much quantity. For all purposes other than for domestic as pointed out above, Environmental Clearance is to be insisted upon for the time being. The intention is to progressively arrive at a position where Environmental Clearance will be obtained for all types of earth removal.

For area less than 5 ha. the State Environmental Impact Assessment Authority has prescribed a simplified procedure and application form in Malayalam (available in the website of SEIAA). The District Collectors will designate an authorized officer in each District who will be approached by the owner of the land or contractor having NOC from the owner with the above said application and the officer will forward the application to the Member Secretary, State Expert Appraisal Committee (Director of Environment and Climate Change, 'Devi Kripa', Pallimukku, Pettah P. O. Thiruvananthapuram-24) who in turn will take expeditious action to consider the application for Environmental Clearance.



21

The existing Government Orders on Environmental Clearance for mining of the above minor minerals is modified to the above extent.

The authority granting the final sanction will be personally responsible for ensuring Environmental Clearance in all cases where such clearance is rquired.

By order of the Governor,

G. Rajeev,

*Additional Secretary.*

To

All District Collectors.
The Director, Mining and Geology.
The Director, Environment and Climate Change.
The Member Secretary, Kerala State Pollution Control Board.
The Director of Panchayats.
The Director, Urban Affairs Department.
The Director, National Centre for Earth Science Studies, Akkulam, Thiruvananthapuram.
The Director, Centre for Water Resource Development and Management, Kunnamangalam P. O. Kozhikode.
The Member Secretary, State Environment Impact Assessment Authority.
The Member Secretary, State Expert Appraisal Committee.
The Member Secretary, Kerala State Council for Science, Technology and Environment.
The Commissioner for Land Revenue.
The Chief Engineer, Irrigation (I & A) Department.
The Chief Engineer, PWD.
The Principal Chief Forest Conservator.
Industries, Revenue, Local Administration, Science and Technology, Public Works, Water Resources, Forest and Wild Life Departments.

GCPT 3/1191/2014/DTP.

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - വ്യക്തിഗത ഗൃഹനിർമ്മാണത്തിനുള്ള മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(കൈ) നമ്പർ. 13/2014/പരി. തീയതി, തിരുവനന്തപുരം, 15.11.2014

പരാമർശം : 21.2.2014-ലെ സ.ഉ.(എം.എസ്) നമ്പർ.02/2014/പരിസ്ഥിതി. നമ്പർ ഉത്തരവ്.

## ഉത്തരവ്

നദികളിൽ നിന്നും മണൽ ഖനനം ചെയ്യുമ്പോൾ പാലിക്കേണ്ട പാരിസ്ഥിതിക വ്യവസ്ഥകൾ മേൽ പരാമർശിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നദികളിൽ നിന്നും മണൽ ഖനനം ചെയ്യുന്നതിന് മണൽ ഓഡിറ്റ് റിപ്പോർട്ട് (Sand Audit Report) സഹിതം അപേക്ഷിച്ച് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ അനുമതി നേടണമെന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. മണൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്ത ജില്ലകളിൽ ഈ പഠനം 6 മാസത്തിനുള്ളിൽ പൂർത്തിയാക്കാമെന്നുള്ള ജില്ലാ അധികാരികളുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ആറ് മാസം വരെ മണലെടുക്കുന്നതിനുള്ള അനുമതി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർക്ക് നൽകാമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മണൽ ഖനനം നടത്തുന്നതിന് ഇപ്പോൾ നിലനില്ക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും മണലിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വേണ്ടി ചുവടെ ചേർക്കുന്ന നടപടികൾ വ്യവസ്ഥ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) മണൽ ഓഡിറ്റ് പൂർത്തിയാക്കപ്പെട്ടിട്ടുള്ള 20 നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിന് നിയമാനുസൃതമായ അനുവാദം നൽകേണ്ടതാണ്. ഇതിനുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാകളക്ടർമാർ ഉടനടി സമർപ്പിക്കേണ്ടതാണ്.

2) മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കപ്പെട്ടിട്ടില്ലാത്ത നദികളിൽ നിന്നും മൂന്ന് മാസം വരെ മണൽ ഖനനം നടത്തുന്നതിന് താൽക്കാലിക അനുമതി നൽകേണ്ടതാണ്. ഈ മൂന്ന് മാസക്കാലയളവിനുള്ളിൽ മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കേണ്ടതാണ്.

(.....................2...........)

3) വീട് നിർമാണത്തിനുള്ള മണൽ ലഭ്യമാക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിന്റെ അതിർത്തിയിലൂടെ മണൽ കൊണ്ടുവരുന്നത് സുഗമമാക്കാൻ ജില്ലാകളക്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.നിവേദിത പി.ഹരൻ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും.
മൈനിംഗ് & ജിയോളജി ഡയറക്ടർ, തിരുവനന്തപുരം,
പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, പബ്ലിക് ഓഫീസ് ബിൽഡിംഗ്,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, സ്വരാജ് ഭവൻ.തിരുവനന്തപുരം.
ഡയറക്ടർ, കേന്ദ്ര ജലവിഭവ വികസന മാനേജ്മെന്റ് സെന്റർ, കുന്ദമംഗലം, കോഴിക്കോട്,
മെമ്പർ സെക്രട്ടറി, സംസ്ഥാന പാരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, തിരുവനന്തപുരം.
സെക്രട്ടറി, സ്റ്റേറ്റ് എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പൊതുഭരണ വകുപ്പ്/ റവന്യൂ വകുപ്പ്/ ശാസ്ത്രസാങ്കേതിക വകുപ്പ്/ ജലവിഭവ വകുപ്പ്/ വനം-വന്യജീവി വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹുമാനപ്പെട്ട പരിസ്ഥിതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതുഭരണ (എസ്.സി) വകുപ്പ് (12.11.2014 – ലെ ഇനം നമ്പർ.5999).